# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 24 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കയറും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പരിശീലനം

*511 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പരിശീലകർക്കും ഡ്രൈവർമാർക്കും തൊഴിൽപരമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ബി) ഡ്രൈവിംഗ് ശീലങ്ങളിലും സാങ്കേതിക വശങ്ങളിലും ഗവേഷണം നടത്തുന്നതിന് ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) എവിടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിന് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സ്വകാര്യ മേഖലയിൽ പുതിയ ദന്തൽ കോളേജുകൾ

*512 ഡോ. കെ. ടി. ജലീൽ
ശ്രീ.ഇ. പി. ജയരാജൻ
,, എം. ഹംസ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ഡെന്റൽ കോളേജുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിന് സ്വകാര്യമേഖലയിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ മേഖലയിൽ നിന്ന് ലഭിച്ച അപേക്ഷയിൽ സ്വീകരിക്കേണ്ട നിലപാടിനെപ്പറ്റി ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഡെന്റൽ കോളേജ് സ്വകാര്യമേഖലയിൽ വീണ്ടും തുടങ്ങുന്നതിന് ലഭിച്ച അപേക്ഷയിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ ;നിലവിൽ സർക്കാർ/ സ്വകാര്യ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിച്ചുവരുന്നു. ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മഴവെള്ളക്കൊയ്ത്ത്</u>

*513 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ളക്കൊയ്ത്ത് വ്യാപിപ്പിക്കലും ഭൂഗർഭജല റീചാർജ്ജ് പരിപാടിയുടെ ലക്ഷ്യമെന്താണ്;

(ബി) ഇത് ഏത് ഏജൻസി വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായുള്ള യൂണിറ്റുകളുടെ നിർമ്മാണം, കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ എന്നിവ ഏതു ഘട്ടം വരെയായി;

(ഡി) പ്രവർത്തനങ്ങൾ എന്നു പൂർത്തീകരിക്കാനാകും എന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ജലഗതാഗത വകുപ്പിന്റെ വെബ്സൈറ്റ്</u>

*514 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
.. ആർ. രാജേഷ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തന മേഖല ടൂറിസം മേഖലയിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നത് വകുപ്പിന്റെ ലാഭകരമായ നടത്തിപ്പ് സാദ്ധ്യമാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജലഗതാഗത വകുപ്പിന്റെ വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സ്വകാര്യ സ്കാനിംഗ് സെന്റർ

*515 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. രാധാകൃഷ്ണന്‍
,, വി. ചെന്താമരാക്ഷന്‍
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഡോക്ടര്‍മാര്‍ സ്വകാര്യ സ്കാന്‍ സെന്ററുകളിലേക്ക് രോഗികളെ അയച്ച് കമ്മീഷന്‍ വാങ്ങുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അത് തടയാന്‍ മുന്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തില്‍ എന്തെങ്കിലും വ്യത്യസ്ത നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആദിവാസി സുരക്ഷയും അവകാശങ്ങളും</u>

*516 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാവിയിൽ ആദിവാസികൾക്കായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പൂർണമായും അവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ എന്തെങ്കിലും നടപടിക്രമം ആവിഷ്കരിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ആദിവാസി ക്ഷേമപ്രവർത്തനകാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്ക് എതിരെ കർശന നടപടി ഉറപ്പുവരുത്തുമോ;

(ഡി) ഭാവിയിൽ ആദിവാസി സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കാനും ആവാസമേഖലയുടെ സവിശേഷതകൾ നിലനിർത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യാത്രാ സംവിധാനം സംബന്ധിച്ച നടപടികള്‍</u>

ഠ*517 ശ്രീ. സി. കൃഷ്ണന്‍
,, റ്റി. വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യാത്രാ സംവിധാനം സംബന്ധിച്ച 1997-ലെ സുപ്രീംകോടതിയുടെ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ ;

(ബി) അതിന്റെയടിസ്ഥാനത്തില്‍ സ്വീകരിക്കപ്പെട്ട നടപടികള്‍ വിശദമാക്കാമോ ; അതിപ്പോള്‍ പാലിക്കപ്പെടുന്നുണ്ടോ ;

(സി) മോട്ടോര്‍ വെഹിക്കിള്‍-വിദ്യാഭ്യാസ-ആഭ്യന്തര വകുപ്പുകളുടെ കോ-ഓര്‍ഡിനേഷനോടു കൂടിയ പ്രവര്‍ത്തനങ്ങള്‍ ഇക്കാര്യത്തില്‍ നടക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനം സംബന്ധിച്ച സുരക്ഷാ മാന്വൽ

*518 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് ഉണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സുരക്ഷാ മാന്വൽ വരുന്ന തീർത്താടന കാലം ആരംഭിക്കുന്നതിന് മുമ്പ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

പുല്‍മേട് ദുരന്തത്തെക്കുറിച്ച് കമ്മീഷന്‍ റിപ്പോര്‍ട്ട്

*519 ശ്രീ. വര്‍ക്കല കഹാര്‍
,, ബെന്നി ബെഹനാന്‍
,, റ്റി. എന്‍. പ്രതാപന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുല്‍മേട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷന്‍ റിപ്പോര്‍ട്ട് നടപ്പിലാക്കാന്‍ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) ഇത് നടപ്പാക്കുന്നതിന് എന്തൊക്കെ കാര്യങ്ങളണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(സി) റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍ നടപ്പാക്കുന്നതിന്റെ ഭാഗമായി ദേവസ്വം വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുമായി ഏകോപിച്ച് പ്രവര്‍ത്തനങ്ങള്‍ നടത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

*520 ശ്രീ. എ. കെ. ബാലന്‍
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് മുന്‍സര്‍ക്കാരിന്റെ കാലത്ത് സ്വീകരിച്ചുവന്ന നടപടികള്‍ മുടങ്ങിയതായി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മുന്‍ സര്‍ക്കാര്‍ നടപ്പിലാക്കിയ വികസന പ്രവര്‍ത്തനങ്ങള്‍ക്ക് തുടര്‍ച്ച ഉറപ്പാക്കാനും മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും തയ്യാറാകുമോ;

(സി) യൂണിറ്റുകളുടെ പ്രവര്‍ത്തനം വിലയിരുത്താന്‍ തൊഴിലാളികളുമായുള്ള ചര്‍ച്ച ഇപ്പോള്‍ നടക്കുന്നുണ്ടോ;

(ഡി) രാഷ്ട്രീയ പ്രേരിതമായി ജീവനക്കാരെ സ്ഥലം മാറ്റുന്ന നില ഒഴിവാക്കാന്‍ തയ്യാറാകുമോ;

(ഇ) മൂലധനം വര്‍ദ്ധിപ്പിക്കുന്നതിനായി ഈ സര്‍ക്കാര്‍ പുതുതായി എത്ര തുക നല്‍കുകയുണ്ടായി?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ട്രാൻസ്പോർട്ട് വാഹനങ്ങളിലെ പരസ്യം</u>

*521 ശ്രീ.എം. ചന്ദ്രൻ
'' പുരുഷൻ കടലുണ്ടി
'' പി. അയിഷാ പോറ്റി
'' എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ഇപ്പോൾ പരസ്യം പതിക്കുവാൻ അനുവാദം നൽകുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) നടപ്പുവർഷം കെ.എസ്.ആർ.ടി.സി പരസ്യം ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണ്;

(ഇ) പരസ്യം പതിക്കുവാനുള്ള കുത്തകാവകാശം ഏതെങ്കിലും സ്ഥാപനത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സമാന്തര സർവ്വീസ്</u>

*522 ശ്രീ. ആർ. സെൽവരാജ്
,, പി. കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യ്ക്ക് സമാന്തരമായി സർവ്വീസുകൾ നടത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളെ പിടികൂടി പിഴ ഈടാക്കുന്നുണ്ടോ;

(സി) ഈ സർക്കാർ ഇതിനകം എത്ര സമാന്തര സർവ്വീസുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്;

(ഡി) ഇത് തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും കെ.എസ്.ആർ.ടി.സി.യും സംയുക്തമായി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; കാരണമെന്ത്;

(ഇ) ഇക്കാര്യം പ്രത്യേകം അവലോകനം ചെയ്യുകയുണ്ടായോ; എന്നാൽ എപ്പോൾ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ക്ലിനിക്കൽ ചൈൽഡ് ഡവലപ്പ്മെന്റ്</u>

*523 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എൻ. എ ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ചൈൽഡ് ഡവലപ്പ്മെന്റ് രംഗത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) കുട്ടികളിലുണ്ടാകുന്ന ബുദ്ധിവികാസ തകരാറുകളും, അംഗവൈകല്യപ്രശ്നങ്ങളും മുൻകൂട്ടി കണ്ട് തടയുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(സി) 19 വയസ്സുവരെയുള്ള കുട്ടികളുടെ ബുദ്ധി വികാസം, ശാരീരിക മാനസിക ആരോഗ്യ വളർച്ച, ഭാഷാ വികാസം എന്നിവ സംബന്ധിച്ചുള്ള പരിശോധനകൾക്ക് വേണ്ടി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും അവയുടെ പ്രവർത്തനരീതി എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഡി) ഈ വിഷയങ്ങളിൽ ആരോഗ്യപ്രവർത്തകരിൽ അവബോധം വളർത്താനും, അവർക്ക് പരിശീലനം നൽകാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഇ) ഇതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലയിലെ കുട്ടികൾക്കും പ്രയോജനപ്രദമാകും വിധം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കം ഓഫീസ് പദ്ധതി

*524 ശ്രീ. എ. പ്രദീപ് കുമാർ
,, വി. ശിവൻകുട്ടി
,, സാജു പോൾ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന കെ.എസ്.ആർ.ടി.സിയുടെ ഷോപ്പിംഗ് കം ഓഫീസ് പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്ത് തമ്പാനൂരിലെ നിർമ്മാണ പ്രവൃത്തി നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(സി) പ്രസ്തുത പദ്ധതി എന്നു പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സ്വകാര്യ സ്ഥാപനങ്ങളിൽ സർക്കാർ നിരക്കിൽ സ്കാനിംഗ്

*525 ശ്രീ. മഞ്ഞളാംകുഴി അലി
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്കാൻ ചെയ്യാനെത്തുന്ന രോഗികളുടെ തിരക്ക് കണക്കിലെടുത്ത്, സ്വകാര്യ സ്കാനിംഗ് സെന്ററുകളുടെ സഹകരണത്തോടെ സർക്കാർ നിരക്കിൽ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും, പദ്ധതിയുടെ വിശദാംശമെന്താണെന്നും വെളിപ്പെടുത്തുമോ ;

(സി) സർക്കാർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് സ്കാനിംഗ് നടത്താമെന്ന വാഗ്ദാനം ഏതെങ്കിലും സ്വകാര്യ സ്കാനിംഗ് സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് പരിശോധിക്കുമോ ;

(ഡി) ഒരു വിഭാഗം ഡോക്ടർമാരും, ചില സ്കാനിംഗ് സെന്റർ ഉടമകളും ചേർന്ന് പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് തടയാൻ സർക്കാർ നിരക്കിൽ സ്കാനിംഗ് നടത്താൻ തയ്യാറുള്ള സ്കാൻ സെന്ററുകളുടെ സംസ്ഥാനതല പാനൽ തയ്യാറാക്കി, അത് പ്രസിദ്ധപ്പെടുത്താനും, സർക്കാർ സംവിധാനം അപര്യാപ്തമാകുന്ന സാഹചര്യത്തിൽ പാനലിലുള്ള സെന്ററുകളിലേക്ക് മാത്രം രോഗികളെ റഫർ ചെയ്യാനുമുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് ലൈസന്‍സും വാഹന രജിസ്ട്രേഷനും ഓണ്‍ലൈനില്‍</u>

*526 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, എം.എ. ബേബി
,, വി. ചെന്താമരാക്ഷന്‍
, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡ്രൈവിംഗ് ലൈസന്‍സിന് അപേക്ഷിക്കാനും വാഹന രജിസ്ട്രേഷനും ഓണ്‍ലൈന്‍ സൗകര്യമൊരുക്കുന്നതിനുള്ള നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(ബി) ഗതാഗത വകുപ്പിന് ഇതു സംബന്ധമായ കേന്ദ്ര നിര്‍ദ്ദേശം വല്ലതും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റീജിയണല്‍ ട്രാന്‍സ്പോര്‍ട്ട് ഓഫീസുകളിലെ ഇടനിലക്കാരെ ഒഴിവാക്കാന്‍ ഓണ്‍ലൈന്‍ സംവിധാനം പ്രയോജനപ്പെടുമെന്ന കാര്യം സര്‍ക്കാര്‍ പരിഗണിക്കുമോ;

(ഡി) ഇക്കാര്യത്തില്‍ സംസ്ഥാനം ഇതിനകം സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ട്രെയിൻ റൂട്ടിന് സമാന്തരമല്ലാത്ത റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസ്

*527 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റ് വില്പനയിൽ പത്ത് ശതമാനം കുറവ് വന്നിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ അധികം സർവ്വീസുകളും ട്രെയിൻ സർവ്വീസ് റൂട്ടുകൾക്ക് സമാന്തരമായിട്ടാണ് ഓടിക്കുന്നതെന്നും അത് വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ട്രെയിൻ റൂട്ടിന് സമാന്തരമല്ലാത്ത റൂട്ടുകളിൽ കൂടുതൽ സർവ്വീസ് നടത്താൻ കഴിയുന്ന രീതിയിൽ കെ.എസ്. ആർ.ടി.സി. ബസ് സർവ്വീസുകളെയും ഷെഡ്യൂളുകളെയും പുനഃക്രമീകരിക്കാനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുവാൻ തയ്യാറാകുമോ ?

ഡാമുകളുടെ ആഴവും വിസ്തൃതിയും

*528 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി. ഗീതാഗോപി
ശ്രീ. ഇ.കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ഡാമുകളുടെ ആഴവും വിസ്തൃതിയും കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം ഡാമുകൾ;

(ബി) ആഴവും വിസ്തൃതിയും വർദ്ധിപ്പിക്കുന്നതിനുമുമ്പ് പാരിസ്ഥിതികാഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ പഠനങ്ങളുടെ വെളിച്ചത്തിൽ മുൻകരുതലിനായും, പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂര്‍ ക്ഷേത്രത്തിലെ സുരക്ഷാക്രമീകരണങ്ങള്‍</u>

*529 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, കെ. രാധാകൃഷ്ണന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുരുവായൂര്‍ ക്ഷേത്രത്തിലെ ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങള്‍ മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക സംവിധാനം ഏര്‍പ്പെടുത്തണമെന്ന് കേന്ദ്ര സുരക്ഷാ ഏജന്‍സി ശുപാര്‍ശ നല്‍കിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) തീവ്രവാദി ആക്രമണ സാദ്ധ്യതയെക്കുറിച്ചുള്ള റിപ്പോര്‍ട്ടുകള്‍ വരുന്ന സാഹചര്യത്തില്‍ ഗുരുവായൂരിലെ സുരക്ഷാ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യരംഗത്ത് ആശാവർക്കർമാരുടെ പ്രവർത്തനം</u>

*530 ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട് എത്ര ആശാ വർക്കർമാരാണ് പ്രവർത്തിക്കുന്നത്;

(ബി) അവർ എന്നുമുതൽ ഏതു പദ്ധതി പ്രകാരമാണ് നിയോ ഗിക്കപ്പെട്ടത്;

(സി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ആതുര സേവനത്തിൽ ആത്മാർത്ഥതയോടെ ഇടപെട്ടു കൊണ്ടിരിക്കുന്ന ആശാവർക്കർമാർ ഇന്ന് അനുഭവി ക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവയ്ക്ക് പരിഹാരം കാണാൻ എന്തു നടപടിക ളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുപ്പിവെള്ളം</u>

*531 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി കുപ്പിവെള്ളം ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി;

(സി) ഇതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്ലാനും ഡിസൈനും തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>അന്ധതാ നിവാരണ പദ്ധതികൾ</u>

*532 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്ധതാ നിവാരണത്തിനായി കേന്ദ്രാവിഷ്കൃതമായും സംസ്ഥാനാവിഷ്കൃതമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവയ്ക്കാവശ്യമായ ഫണ്ട് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നത്;

(സി) പൂർണ്ണമായും അന്ധത ബാധിച്ചവരെ സംബന്ധിച്ച റിപ്പോർട്ട് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കുമോ;

(ഡി) അവർക്ക് കാഴ്ച ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

**അന്തർ സംസ്ഥാന ബസുകൾ**

*533 ശ്രീ. വി.പി സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ വർദ്ധനവ് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന ബസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് ;

(സി) ഇതിനായി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഡയാലിസിസ്സ് യൂണിറ്റുകളുടെ കാര്യക്ഷമത</u>

*534 ശ്രീ. ഷാഫി പറമ്പില്‍
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ ഡയാലിസ്സിസ്സ് യൂണിറ്റുകളുടെ കാര്യക്ഷമത വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഈ യൂണിറ്റുകള്‍ നിലവിലുള്ളത്;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ഈ യൂണിറ്റുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**24.10.2011-ലെ മറുപടിക്ക്**

<u>ആയുർവേദത്തിന്റെ പ്രചാരണം</u>

*535 ശ്രീ. ഹൈബി ഈഡൻ
,,പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന്റെ പ്രചാരണം സംബന്ധിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ തലത്തിൽ സാമൂഹ്യ-സാംസ്ക്കാരിക പ്രദർശനങ്ങൾ ഇതിനായി സംഘടിപ്പിക്കുമോ;

(സി) പ്രസ്തുത ചികിത്സാ രീതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ</u>

*536 ശ്രീ. കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനുള്ള 1954-ലെ പി.എഫ്.എ. ആക്റ്റിനു പകരം കേന്ദ്ര സർക്കാർ പുതിയ നിയമം ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) പകർച്ചവ്യാധികൾ വൻതോതിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഡി- അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം</u>

*537 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി- അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം, വിശദമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളിലെ ആശുപത്രികളുടെ രൂപികരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ഇതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സേവനം

*538 ശ്രീ. ചിററയം ഗോപകുമാർ
,, വി.എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്ന് സംഭരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി മെഡിക്കൽ കോർപ്പറേഷന് തുക അടച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

(ബി) തുക അടച്ചിട്ടും യഥാസമയം തദ്ദേശസ്ഥാപനങ്ങൾക്ക് മരുന്നുകൾ നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) മരുന്നിന്റെ വില കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഡി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സേവനം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കഴിയാതെ പോയതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ജലസേചന പദ്ധതികൾ പരിഷ്ക്കരിക്കാൻ നടപടി

*539 ശ്രീ. എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള ജലസേചന പദ്ധതികൾക്ക് കാർഷികമാറ്റങ്ങൾക്കനുസൃതമായി കൂടുതൽ ഉപയോഗപ്രദമാക്കുന്നത് ലക്ഷ്യമിട്ട് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുതുതായി ഡിസൈൻ ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ഘടനാപരമായും പ്രവർത്തനപരമായും മുൻകാല പദ്ധതികളിൽ നിന്നും വ്യത്യാസം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൃഷിക്കുള്ള ജലവിതരണ സംവിധാനത്തിൽ എന്തെല്ലാം കാലാനുസൃത മാറ്റങ്ങൾ ആവശ്യമാണ്;

(ഡി) പരമ്പരാഗത കനാൽ സംവിധാനം ഒട്ടേറെ പരിമിതികൾ ഉള്ളതാണെന്നും, ഇക്കാര്യത്തിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, ആവർത്തനച്ചെലവും ഭൂമിയുടെ അമിതോപയോഗവും പരിമിതപ്പെടുത്തേണ്ടതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ആയുർവേദ ഡിസ്പെൻസറികൾ</u>

*540 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഇവ ആരംഭിക്കുന്നതിന് നടപടി എടുക്കുമോ;

(സി) തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവ കാലങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?